# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3162 — 18/10/2016-ൽ മറുപടിക്ക്

### ഇലക്ട്രിക് പോസ്റ്റുകളുടെ അപകടാവസ്ഥ

| | ചോദ്യം<br><br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br><br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റോഡുകളിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ പലപ്പോഴും അപകടകരമാകുകയും ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില പോസ്റ്റുകൾ അപകട സാധ്യത ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അപകടമുണ്ടാകുമ്പോൾ മാത്രം അന്വേഷണം നടത്തുകയും പരിഹരിക്കുകയും ചെയ്യുന്നതിന് പകരം സ്ഥിരമായി ഇലക്ട്രിക് പോസ്റ്റുകളിൽ അറ്റകുറ്റ പണികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | അപകടാവസ്ഥയിലുള്ളതും കേടുപാട് സംഭവിച്ചതുമായ പോസ്റ്റുകൾ/ ലൈനുകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനും കേടുപാട് പരിഹരിക്കുന്നതിനും പദ്ധതികളും അടിയന്തര പരിഹാര മാർഗ്ഗങ്ങളും നിലവിലുണ്ട്. ഇക്കാര്യം കൃത്യമായും സമയബന്ധിതമായും ചെയ്യുന്നു എന്നു റപ്പുവരുത്താൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | അപകടാവസ്ഥയിലുള്ള പോസ്റ്റുകളുടെ വിവരം പൊതുജന സഹകരണത്തോടെ ശേഖരിക്കാനും കേടുപാട് പരിഹരിക്കുവാനും എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; | (സി) | അപകടാവസ്ഥയിലുള്ള പോസ്റ്റുകളെ സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട സെക്ഷൻ ഓഫീസുകളിൽ ഫോൺ വഴിയോ, നേരിട്ടോ അറിയിക്കാവുന്നതാണ്. പരാതികൾ "1912" എന്ന നമ്പർ വഴി 24x7 പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബിയുടെ "Call Centre" ലും അറിയിക്കാവുന്നതാണ്. |
| (ഡി) | സംസ്ഥാനത്ത് വൈദ്യുതി പോസ്റ്റുകളിലെയും ലൈനുകളിലേയും അറ്റകുറ്റപ്പണികൾ സ്ഥിരമായി പരിശോധിക്കുവാൻ ഒരു സംവിധാനം കൊണ്ടുവരുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ഡി) | അറ്റകുറ്റപ്പണികൾ ആവശ്യമായ പോസ്റ്റുകൾ/ലൈനുകൾ തിരിച്ചറിയുന്നതിനായി കെ.എസ്.ഇ.ബി ജീവനക്കാർ "Line Patrolling" നടത്തുകയും |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെടുന്നവ മാറ്റി സ്ഥാപിയ്ക്കാനുള്ള നടപടി സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ